മാലിന്യങ്ങളും കലർന്നതായി പരാതി ലഭിച്ചിട്ടുണ്ട്. തലക്കുളത്തൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള പാവയിൽ ചീർപ്പിന്റെ ചോർച്ച കാരണം തലക്കുളത്തൂർ ഏലത്തൂർ കുടിവെള്ള പദ്ധതിയുടെ ശ്രോതസ്സിൽ കഴിഞ്ഞ ഫെബ്രുവരി മാസം അൽപ്പം ഉപ്പിന്റെ അംശം കലർന്നിരുന്നു. പ്രസ്തുത കാരണംകൊണ്ട് ഈ പദ്ധതിയിൽ നിന്നുള്ള ജല വിതരണം ഫെബ്രുവരിയിൽ മൂന്നു ദിവസം നിർത്തിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ പെരുവണ്ണാമൂഴി കനാൽവെള്ളം എത്തിയതോടെ സ്രോതസ്സിൽ ഉപ്പിന്റെ അംശം കുറയുകയും ജലവിതരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് പുതിയ നടപടികളൊന്നും പരിഗണനയിലില്ല.

(സി) വിദഗ്ദ്ധ പഠനം നടത്തിയിട്ടില്ല. എന്നാൽ നിലവിലുള്ള പൈപ്പ്‌ലൈൻ പൊട്ടിയാൽ ഉടനെ അത് പരിഹരിക്കുവാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കുന്നുണ്ട്.

മീറ്റർ റീഡിംഗ് എടുക്കാൻ നടപടി

58 [3201] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഗൃഹാവശ്യത്തിന് നൽകിയിട്ടുള്ള മീറ്ററു കളുടെ റീഡിംഗ് കൃത്യമായി എടുക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മീറ്റർ റീഡിംഗ് മാസംതോറും കൃത്യമായി എടുക്കുന്നതി നുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദ്വൈമാസ ബില്ലിംഗ് നടപ്പിലാക്കിയ സ്ഥലങ്ങളിൽ ഈരണ്ടുമാസം കൂടുമ്പോഴും മറ്റു സ്ഥലങ്ങളിൽ ആറുമാസത്തിലൊരിക്കലുമാണ് മീറ്റർ റീഡിംഗ് എടുക്കുന്നത്.

എന്നാൽ ചില സ്ഥലങ്ങളിൽ ജീവനക്കാരുടെ അപര്യാപ്തത കാരണം മേൽപ്പ റഞ്ഞ രീതിയിൽ റീഡിംഗ് എടുക്കുന്നതിൽ കാലതാമസം വരുന്നുണ്ട്.

(ബി) വാട്ടർ കണക്ഷൻ കൂടുന്നതിനാനുപാതികമായി മീറ്റർ റീഡർമാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. ആയതിനാലാണ് സമയാസമയം റീഡിംഗ് എടുക്കുവാൻ സാധി ക്കാതെ വരുന്നത്. ഇത് പരിഹരിക്കുവാനായി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരേയും, മറ്റു ചില തസ്തികകളിലുള്ള ജീവനക്കാരേയും നിയോഗിച്ച് മീറ്റർ റീഡിംഗ് എടുക്കുന്നുണ്ട്. കൂടാതെ ചില സ്ഥലങ്ങളിൽ കുടുംബശ്രീ മുഖേനയും മീറ്റർ റീഡിംഗ് എടുക്കുന്നുണ്ട്.

കടങ്ങോട് ശുദ്ധജലവിതരണ പദ്ധതി

59 [3202] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly